**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3972** **17-03-2025 - ൽ മറുപടിയ്ക്ക്**

**മഞ്ഞപ്പിത്ത രോഗവ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ഓരോ വർഷവും എത്രപേർക്ക് മഞ്ഞപ്പിത്തം ബാധിച്ചുവെന്നും എത്ര പേർ മഞ്ഞപ്പിത്തം ബാധിച്ച് മരിച്ചുവെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് 2021 മുതൽ 10/03/2025 വരെ മഞ്ഞപ്പിത്തരോഗമായ ഹെപ്പറ്റൈറ്റിസ് എ ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടർന്നു പിടിക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മഞ്ഞപ്പിത്തരോഗമായ ഹെപ്പറ്റൈറ്റിസ് - എ ഔട്ട്ബ്രേക്കുകൾ റിപ്പോർട്ട് ചെയ്യപ്പെട്ട വിവിധ ജില്ലകളിൽ രോഗം പടർന്നു പിടിക്കാനുള്ള സാഹചര്യങ്ങളെക്കുറിച്ച് ജില്ല - സംസ്ഥാന തല ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ ടീമുകൾ പഠനം നടത്തിയിട്ടുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതും, അശാസ്ത്രീയമായ കുടിവെള്ള പദ്ധതികളുമാണ് ഈ ജലജന്യരോഗം പടർന്നുപിടിക്കാനുള്ള കാരണമായി ജലസാമ്പിളുകളുടെ പഠനത്തിൽ നിന്നും വ്യക്തമാകുന്നത്. പ്രധാനമായും ചില ചടങ്ങുകളിലും പരിപാടികളിലുമായി നടന്ന ഭക്ഷണവിതരണം, ഭക്ഷണശാലകളിൽ നിന്നും മതിയായ ശുചിത്വം പാലിക്കാതെ തയ്യാറാക്കി നൽകിയ ഭക്ഷണങ്ങൾ വിതരണം ചെയ്തത് എന്നിവയാണ് ഔട്ട് ബ്രേക്കിന് കാരണമായത്. പൊതുപരിപാടികളിൽ ഉപയോഗിക്കുന്ന കുടിവെള്ളം പലപ്പോഴും ശുദ്ധമാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല, മാത്രവുമല്ല പാനീയങ്ങൾ തയ്യാറാക്കാൻ ഉപയോഗിച്ചിരുന്ന ഐസിന്റെ നിലവാരവും ഉറപ്പ് വരുത്തിയിട്ടില്ല. ചില ഔട്ട് ബ്രേക്കുകളിൽ ഹെപ്പറ്റൈറ്റിസ് പോലുള്ള ജലജന്യ രോഗങ്ങൾ പൂർണ്ണമായും സുഖപ്പെടുന്നതിനു മുമ്പ് ആളുകൾ ഭക്ഷണം ഉണ്ടാക്കുന്ന ജോലികളിൽ ഏർപ്പെട്ടതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മഞ്ഞപ്പിത്ത രോഗവ്യാപനം നിയന്ത്രണവിധേയമാക്കുന്നതിന് എന്തൊക്കെ അടിയന്തരനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് മഞ്ഞപ്പിത്ത രോഗബാധക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനാരോഗ്യ നിയമ പ്രകാരമുള്ള പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വീട്ടുകളിലെയും സ്ഥാപനങ്ങളിലെയും കിണറുകൾ ക്ലോറിനേഷൻ നടത്തുന്നതിന് ആരോഗ്യ വിഭാഗം കൃത്യമായ ഇടപെടൽ നടത്തുന്നുണ്ട്. 'ഹെൽത്തി കേരള' എന്ന പേരിൽ എല്ലാ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച വിദ്യാഭ്യാസ അനുബന്ധ സ്ഥാപനങ്ങളിലും മൂന്നാമത്തെ ചൊവ്വാഴ്ച ഭക്ഷണസാധനങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിലും സമയബന്ധിതമായി പരിശോധനകൾ നടത്തുന്നു. ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സ്രോതസ്സുകളിൽ നിശ്ചിത ഇടവേളകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും ജലം ആറുമാസത്തിലൊരിക്കൽ ഗുണനിലവാര പരിശോധന നടത്തുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ആരോഗ്യ പ്രവർത്തകരും ടാങ്കർ ലോറികളിൽ വിതരണം ചെയ്യുന്ന കുടിവെള്ളം പരിശോധനയ്ക്ക് അയക്കുന്നു. വിവാഹവും മറ്റു പൊതുപരിപാടികളും നടത്തുമ്പോൾ ചെയ്യേണ്ട മുൻകരുതലുകൾ സംബന്ധിച്ച് കൃത്യമായ ബോധവത്കരണം നൽകുന്നു. സ്വയംചികിത്സ ഒഴിവാക്കുന്നതിനും, വിദഗ്ധ പരിശോധനയും ചികിൽസയും ഉറപ്പാക്കുന്നതിനുമായി വിവിധ തലത്തിലുള്ള ബോധവത്കരണ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ നടത്തിവരുന്നു. മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന് കീഴിൽ വരുന്ന RPEID സെൽ മുഖേന സ്കൂളുകളിലും മറ്റു പൊതു സ്ഥാപനങ്ങളിലും മഞ്ഞപ്പിത്തത്തിനെതിരെ ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. മഴക്കാല പൂർവ്വ ആരോഗ്യ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തിയിട്ടുണ്ട്. ആരോഗ്യ ബോധവത്ക്കരണം, ഉറവിട നശീകരണം, ജലപരിശോധന, കിണറുകളുടെ ക്ലോറിനേഷൻ, ഹോട്ടലുകളിൽ പരിശോധന എന്നിവ നടത്തി വരുന്നു. സംസ്ഥാനത്ത് രോഗം കണ്ടുവരുന്ന സാഹചര്യത്തിൽ മഞ്ഞപ്പിത്ത രോഗത്തെ പ്രതിരോധിക്കാൻ കൃത്യമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. G.O(Rt)No. 1311/2024/H&FWD dated 31/05/2024 പ്രകാരം, Severe Hepatitis A രോഗമുള്ളവരെ ചികിത്സിക്കുന്നതു സംബന്ധിച്ച SOP സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2021 മുതൽ 10/03/2025 വരെ ഹെപ്പറ്റൈറ്റിസ് എ ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും ജില്ല തിരിച്ചുള്ള പട്ടിക**

| ജില്ല | 2021 | | 2022 | | 2023 | | 2024 | | 2025 മാർച്ച് 10 വരെ | |
|---|---|---|---|---|---|---|---|---|---|---|
| | കേസുകൾ | മരണങ്ങൾ | കേസുകൾ | മരണങ്ങൾ | കേസുകൾ | മരണങ്ങൾ | കേസുകൾ | മരണങ്ങൾ | കേസുകൾ | മരണങ്ങൾ |
| തിരുവനന്തപുരം | 6 | 0 | 11 | 0 | 31 | 0 | 140 | 1 | 59 | 1 |
| കൊല്ലം | 0 | 0 | 8 | 0 | 9 | 0 | 130 | 1 | 58 | 1 |
| പത്തനംതിട്ട | 4 | 0 | 9 | 0 | 30 | 0 | 97 | 0 | 43 | 0 |
| ഇടുക്കി | 1 | 0 | 2 | 0 | 15 | 1 | 104 | 2 | 16 | 0 |
| കോട്ടയം | 4 | 0 | 15 | 0 | 26 | 0 | 137 | 0 | 32 | 1 |
| ആലപ്പുഴ | 4 | 0 | 4 | 0 | 16 | 0 | 70 | 0 | 11 | 0 |
| എറണാകുളം | 21 | 0 | 9 | 0 | 20 | 0 | 765 | 11 | 386 | 3 |
| തൃശ്ശൂർ | 4 | 0 | 13 | 0 | 44 | 0 | 337 | 5 | 84 | 1 |
| പാലക്കാട് | 9 | 0 | 17 | 0 | 48 | 1 | 339 | 1 | 115 | 0 |
| മലപ്പുറം | 30 | 0 | 76 | 0 | 525 | 5 | 3046 | 25 | 486 | 1 |
| കോഴിക്കോട് | 16 | 0 | 27 | 2 | 170 | 4 | 2184 | 28 | 448 | 0 |
| വയനാട് | 9 | 0 | 3 | 0 | 20 | 0 | 44 | 2 | 4 | 0 |
| കണ്ണൂർ | 6 | 0 | 8 | 0 | 61 | 3 | 303 | 8 | 138 | 0 |
| കാസർഗോഡ് | 0 | 0 | 0 | 0 | 58 | 0 | 270 | 0 | 128 | 0 |
| ആകെ | **114** | **0** | **202** | **2** | **1073** | **14** | **7966** | **84** | **2008** | **8** |

സെക്ഷൻ ഓഫീസർ